# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 469 04/07/2012 ൽ മറുപടിക്ക്

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീമതി. കെ.എസ്.സലീഖ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾക്ക് കാലാവധി നിർണ്ണയിക്കേണ്ടതില്ലെന്ന് സർക്കാർ കരുതുന്നുണ്ടോ; റാങ്ക് ലിസ്റ്റുകൾക്ക് കാലാവധി നിശ്ചയിച്ചുകൊണ്ട് വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്ത് ഉദ്ദേശ്യത്തോടുകൂടിയാണ്; ഈ ഉദ്ദേശ്യത്തിന് ഇപ്പോൾ പ്രസക്തി ഇല്ലാതായിട്ടുണ്ടോ; | (എ) ഇല്ല. ഓരോ തസ്തികയ്ക്കും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നല്കുന്നതിനുവേണ്ടിയും, പുതിയ ചെറുപ്പക്കാർക്ക് അവസരങ്ങൾ ഒരുക്കുവാനും, എല്ലാവർക്കും അവസര സമത്വം ഉറപ്പുവരുത്തുവാനുമാണ് റാങ്ക് ലിസ്റ്റുകൾക്ക് കാലാവധി നിശ്ചയിച്ചിരിക്കുന്നത്. ഇല്ല. |
| (ബി) റാങ്ക് ലിസ്റ്റുകളിൽ നിന്ന് യഥാസമയം ഒഴിവുകളിലേക്ക് റിപ്പോർട്ട് ചെയ്യാത്ത അവസ്ഥ ഇപ്പോൾ സംജാതമായിരിക്കുന്നതുകൊണ്ടാണോ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ ആവശ്യപ്പെടുന്നത്; | (ബി) അല്ല. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 ആയി ഉയർത്തിയ സാഹചര്യത്തിലാണ് റാങ്ക്ലിസ്റ്റുകളുടെ കാലാവധി ഒരു വർഷത്തേയ്ക്കോ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെയോ ദീർഘിപ്പിക്കുവാൻ സർക്കാർ പി.എസ്.സി. യോട് അവസാനമായി ആവശ്യപ്പെട്ടത്. |
| (സി) സർക്കാർ നിർദ്ദേശത്തെത്തുടർന്ന് പി.എസ്.സി. കാലാവധി നീട്ടിക്കൊടുത്ത റാങ്ക്ലിസ്റ്റുകളുടെ എണ്ണം എത്രയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ നിർദ്ദേശത്തെ തുടർന്ന് പരമാവധി 4 1/2 വർഷം വരെ കാലാവധി ദീർഘിപ്പിച്ച 874 റാങ്ക്ലിസ്റ്റുകളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>1) 3 തവണയായി പരമാവധി 4 1/2 വർഷം ദീർഘിപ്പിച്ചത് -191.<br>2) 4 തവണയായി പരമാവധി 4 1/2 വർഷം ദീർഘിപ്പിച്ചത് -165.<br>3) 2 തവണയായി 11 മുതൽ 15 മാസം വരെ ദീർഘിപ്പിച്ചത് -101.<br>4) 1 തവണ 1 ദിവസം മുതൽ 10 മാസം വരെ ദീർഘിപ്പിച്ചത് - 417. |

| | |
|---|---|
| (ഡി) സർക്കാർ ആവശ്യപ്പെടുന്ന ഒഴിവുകളിലേക്ക് പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റുകളിൽ നിന്ന് യഥാസമയം നിയമനം നടത്താതിരിക്കുന്ന സ്ഥിതി വിശേഷം മാറ്റാൻ തയ്യാറാകാതെ ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നത് എന്തുകൊണ്ടാണ് ? | (ഡി) ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുതന്നെയാണ് പി.എസ്.സി. നിയമന ശിപാർശ നൽകുന്നത്. സർക്കാർ ആവശ്യപ്പെടുന്ന ഒഴിവുകളിലേക്ക് പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റുകളിൽ നിന്നും യഥാസമയം നിയമനം നടത്തുന്നുണ്ട്. ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നത് കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ നടപടി ചട്ടങ്ങളിലെ ചട്ടം 13ന്റെ 5-ാം പ്രൊവിസോ പ്രകാരമുള്ള സാഹചര്യങ്ങൾ സംജാതമാകുമ്പോഴാണ്. ഉദാഹരണമായി പെൻഷൻ പ്രായം ഏകീകരിക്കൽ. പെൻഷൻ പ്രായവർദ്ധന, കോടതികളുടെ ഇടപെടൽ എന്നിവ. ഇതിൽ 22.3.2012ലെ G.O(P) No.170/12/Fin ഉത്തരവു പ്രകാരം പെൻഷൻ പ്രായം ഏകീകരണം പിൻവലിക്കുകയും അധ്യാപകരുടേതുൾപ്പെടെ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 ആയി ഉയർത്തുകയും ചെയ്ത സാഹചര്യത്തിലാണ് 30.4.2012-ൽ കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷത്തേയ്ക്കോ, പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെയോ ദീർഘിപ്പിക്കുവാൻ സർക്കാർ അവസാനമായി പി.എസ്.സി.യോട് ശിപാർശ ചെയ്തത്. |

സെക്ഷൻ ഓഫീസർ